# പതിനഞ്ചാം കേരളനിയമസഭ

## 2023-ലെ കേരള പൊതുരേഖ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി

2023-ലെ കേരള പൊതുരേഖ ബിൽ (നം. 174), 2023 സെപ്റ്റംബർ 07 -ാം തീയതി അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. 2024 ജൂലൈ 11-ാം തീയതി ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും ബിൽ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി സഭ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു. ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ആവശ്യമായ ഭേദഗതികൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി പൊതുജനങ്ങൾ, പുരാരേഖകളുടെ ശേഖരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദഗ്ധർ എന്നിവരിൽ നിന്നും അഭിപ്രായങ്ങൾ സ്വീകരിക്കുന്നതാണ്. ആയതിലേക്കായി തയ്യാറാക്കിയ ചോദ്യാവലി ഇതോടൊപ്പം ചേർക്കുന്നു.

### ചോദ്യാവലി

1. 2023-ലെ കേരള പൊതുരേഖ ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണോ? എന്തെങ്കിലും ഒഴിവാക്കൽ/ കൂട്ടിച്ചേർക്കൽ ആവശ്യമാണോ?

2.ബില്ലിലെ 2-ാം രണ്ടാം ഖണ്ഡത്തിലെ നിർവ്വചനങ്ങളിൽ എന്തെങ്കിലും വ്യക്തതയോ കൂട്ടിച്ചേർക്കലുകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക

3. ബില്ലിലെ 3-ാം ഖണ്ഡത്തിലെ **പൊതുരേഖകളുടെ ഭരണനിർവ്വഹണം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ഏകോപനം, നിയന്ത്രണം, മേൽനോട്ടം എന്നിവയ്ക്കുള്ള സർക്കാരിന്റെ അധികാരം** സംബന്ധിച്ച വ്യവസ്ഥയിന്മേൽ എന്തെങ്കിലും ഭേദഗതിയോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക

4. ബില്ലിലെ 4-ാം ഖണ്ഡത്തിലെ **പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള വിലക്ക്** സംബന്ധിച്ച വ്യവസ്ഥയിന്മേൽ എന്തെങ്കിലും ഭേദഗതി ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക

5. ബില്ലിലെ 5-ാം ഖണ്ഡത്തിലെ **റിക്കാർഡ്സ് ഓഫീസറുടെ നിയമനം** സംബന്ധിച്ച വ്യവസ്ഥകൾ പര്യാപ്തമാണോ? മാറ്റം വരുത്തേണ്ടതുണ്ടോ?

6.ബില്ലിലെ 6-ാം ഖണ്ഡത്തിലെ **റിക്കാർഡ്സ് ഓഫീസറുടെ ഉത്തരവാദിത്തങ്ങൾ** സംബന്ധിച്ച വ്യവസ്ഥയിന്മേൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? വ്യക്തമാക്കുക.

7.ബില്ലിലെ 7-ാം ഖണ്ഡത്തിലെ **റിക്കാർഡ്സ് ഓഫീസർ, അയാളുടെ കൈവശമുള്ള പൊതുരേഖകളുടെ അനധികൃത നീക്കം ചെയ്യൽ, നശിപ്പിക്കൽ തുടങ്ങിയവ ഉണ്ടാകുന്ന സംഗതിയിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച്** എന്നുള്ള വ്യവസ്ഥയിന്മേൽ എന്തെങ്കിലും ഭേദഗതിയോ കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക

8. ബില്ലിലെ 8-ാം ഖണ്ഡത്തിലെ **പൊതുരേഖകളുടെ നശിപ്പിക്കൽ അല്ലെങ്കിൽ നീക്കം ചെയ്യൽ** എന്നുള്ള വ്യവസ്ഥയിന്മേൽ എന്തെങ്കിലും ഭേദഗതികൾ ആവശ്യമുണ്ടോ?

9.ബില്ലിലെ 9 -ാം ഖണ്ഡത്തിലെ **കേസ് ഫയൽ ചെയ്യുന്നതിനുള്ള അധികാരവും ശിക്ഷയും** സംബന്ധിച്ച വ്യവസ്ഥയിൽ വ്യക്തതയും കൂട്ടിച്ചേർക്കലും ആവശ്യമുണ്ടോ?

10. ബില്ലിലെ 11-ാം ഖണ്ഡത്തിലെ **സ്വകാര്യ സ്രോതസ്സിൽ നിന്നും രേഖകൾ സ്വീകരിക്കൽ** എന്നുള്ള വ്യവസ്ഥയിന്മേൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക

11. ബില്ലിലെ 12-ാം ഖണ്ഡത്തിലെ **പൊതുരേഖകൾ പ്രാപ്യമാക്കൽ** സംബന്ധിച്ച വ്യവസ്ഥയിന്മേൽ എന്തെങ്കിലും ഭേദഗതികൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക

12. ബില്ലിലെ 13-ാം ഖണ്ഡത്തിലെ **ആർക്കൈവൽ അഡ്വൈസറി ബോർഡ്** രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥയിന്മേൽ കൂടുതൽ ഉദ്യോഗസ്ഥരെയോ മറ്റു വിദഗ്ധരേയോ ഉൾപ്പെടുത്തേണ്ടതുണ്ടോ? ഉദ്യോഗസ്ഥരുടെ യോഗ്യതാമാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോ?ഉണ്ടെങ്കിൽ വ്യക്തമാക്കുക.

13. ബില്ലിലെ 14-ാം ഖണ്ഡത്തിലെ **ബോർഡിന്റെ കാലാവധി** സംബന്ധിച്ച വ്യവസ്ഥയിന്മേൽ കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക

14.ബില്ലിലെ 15-ാം ഖണ്ഡത്തിലെ **ബോർഡിന്റെ യോഗം** സംബന്ധിച്ച വ്യവസ്ഥയിന്മേൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക

15.ബില്ലിലെ 16-ാം ഖണ്ഡത്തിലെ **ബോർഡിന്റെ ചുമതലകൾ, കാലാവധി** എന്നിവ സംബന്ധിച്ച വ്യവസ്ഥകളിന്മേൽ എന്തെങ്കിലും വ്യക്തത ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക

16.ബില്ലിലെ 17-ാം ഖണ്ഡത്തിലെ **ആർക്കൈവൽ സയൻസിലുള്ള കോഴ്സുകൾക്ക് മാനദണ്ഡങ്ങളും നിലവാരവും നിശ്ചയിക്കുന്നതിനുള്ള അധികാരം** സംബന്ധിച്ച വ്യവസ്ഥയിന്മേൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

ഈ ചോദ്യാവലിയിൽ പരാമർശിക്കാത്ത മറ്റു ഖണ്ഡങ്ങളിൽ ഭേദഗതികൾ ഉണ്ടെങ്കിൽ നിർദ്ദേശിക്കാവുന്നതാണ്. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചുരുക്കി സമർപ്പിക്കുക.

ഈ വിഷയം സംബന്ധിച്ച അഭിപ്രായങ്ങൾ നേരിട്ടോ അണ്ടർ സെക്രട്ടറി, (0471-2512020), നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-33 എന്ന മേൽവിലാസത്തിൽ തപാലിലോ legislation@niyamasabha.nic.in, legislation.kla@gmail.com എന്ന ഇ-മെയിൽ വിലാസങ്ങളിലോ 2025 ഫെബ്രുവരി 28-ാം തീയതിക്ക് മുമ്പായി ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു.

ഷാജി സി. ബേബി
സെക്രട്ടറി-ഇൻ- ചാർജ്ജ്
കേരള നിയമസഭ